# മയൂരനടനം

വി. കെ. കെ. രമേഷ്



മയൂരനടനം

വി. കെ. കെ. രമേഷ്
(മലയാളം: ചെറുകഥ)

© 2023, V. K. K. Ramesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: A Pair of Peacocks in Spring, a painting by Imao Keinen (1845–1924). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മയൂരനടനം

പുന്നെല്ല് പഴുത്തുവിരിഞ്ഞ പാടത്തിന്റെ മണവും, സ്വർണ്ണനിറത്തിൽ തലയുയർത്തുന്ന ഉദയസൂര്യനും ഒരുമിച്ചുകൂടുന്നിടത്താണ് പാത. പടിഞ്ഞാട്ടേക്ക് ചെരിഞ്ഞുനിന്ന പുലരിവെയിലിനു താഴെ, അതങ്ങനെ ചെമ്മണ്ണ് പൊതിഞ്ഞ് മലർന്നുകിടക്കുകയാണ്.

അതിലൂടെയാണ് നീണ്ട പീലിയുമായി മയിൽ നടന്നുവന്നത്. അവനോടൊപ്പം ഇണയുമുണ്ടായിരുന്നു.

"എവിടേയ്ക്കാ?"

വെയിൽ ചോദിച്ചു.

"ഒരിറ്റു മഴക്കാർ തേടിയിറങ്ങിയതാണ്, ഞങ്ങൾ."

അവൻ പറഞ്ഞു.

ചെറുപ്പം വർണ്ണാഭമാക്കിയ കിളിമുഖത്ത് നേരിയ വിഷാദവുമായി പെൺമയിൽ തലതാഴ്ത്തി നിന്നതേയുള്ളൂ.

"നിങ്ങൾ കൂട്ടുചേർന്നിട്ട് കാലമെത്രയായി?"

വെയിൽ ചോദ്യം തുടർന്നു.

പീലിക്കാരൻ തെല്ല് വിഷമത്തിലായെന്നു തോന്നി.

"തികച്ചും ഒരു മനുഷ്യവർഷം കഴിഞ്ഞു."

കുട്ടികളാവാത്തതിന്റെ മ്ലാനത പെണ്ണിന്റെ മുഖത്തെ ചൂഴ്ന്നുനിൽപ്പുണ്ട്. അതിന്റെ വേവലാതിയോടെ അന്യപുരുഷനു മുന്നിൽ നിൽക്കാൻ ഏതൊരു സ്ത്രീക്കാണ് കഴിയുക? വെയിൽ തന്നെ കൊതിയോടെ നോക്കുന്നതുമാതിരി തോന്നി, അവൾക്ക്. എന്നാൽ, വെയിൽ അങ്ങനെയൊന്നും നോക്കിയതല്ല. അതിന്റെ ദൃഷ്ടിക്കു സഹജമായ ചൂടിനെ അവൾ തെറ്റിദ്ധരിച്ചതാണ്. നമുക്കു പോകാമെന്ന് അവൾ പീലിക്കാരന് കണ്ണെറിഞ്ഞു.

"ഞാനുള്ളപ്പോൾ മേഘം വരില്ല."

വെയിൽ പറഞ്ഞു.

പീലിക്കാരൻ നിരാശയോടെ ഇണയെ നോക്കി.

"നമുക്ക് മടങ്ങിപ്പോകാം?"

അവൾ മന്ത്രിച്ചു.

വെയിലിന് അവരുടെ നിരാശ കണ്ട് മുഖം മങ്ങി.

"ആ ചോല കാണുന്നില്ലേ, അതിനകത്തേക്ക് ഞാനങ്ങിറങ്ങിയാൽ നിങ്ങൾക്കാവശ്യമുള്ള മേഘം ഉരുവപ്പെടും. അതിന് പക്ഷേ, സമയമെടുക്കും."

പെണ്ണിന്റെ മുഖം ഓരോതവണയും കൂടുതൽ കൂടുതൽ വാടി. പുലർന്നിട്ടും ഉരുകാൻ കൂട്ടാക്കാതെ പിടിച്ചുനിന്ന മഞ്ഞ് ഇതെല്ലാം കാണുന്നുണ്ടായിരുന്നു.

"നിനക്ക് വേഗമങ്ങ് നിവർന്നുനിന്നാലെന്താ?"

അത് കുറ്റപ്പെടുത്തുന്നതുപോലെ വെയിലിനോട്ട് ചോദിച്ചു.

"അതിന് മലതന്നെ വിചാരിക്കണം. അവനു പിന്നിൽനിന്ന് പൊങ്ങിവരുന്നത് ശ്രമകരമാണെന്ന് കാണുന്ന നിങ്ങൾക്കുപോലും മനസ്സിലാകുന്നതാണല്ലോ. അവനിങ്ങനെ കുത്തനെ നിൽക്കുവോളം പതിയെ നിവരുകയല്ലാതെ മറ്റെന്തു ചെയ്യാൻ!"



കാര്യം ശരിയായിരുന്നു. താൻ പറന്നുചെന്ന് മലയോട്ട് കുനിയാൻ പറയാമെന്ന് മഞ്ഞ് ഏറ്റു.

"അങ്ങനെ ചുമ്മാ പറഞ്ഞാലൊന്നും അവൻ കേൾക്കില്ല, എന്തെങ്കിലും കൗശലം പ്രയോഗിക്കേണ്ടിവരും."

വെയിൽ മുന്നറിയിപ്പുനൽകി.

പറന്നുചെന്ന മഞ്ഞ് മലയോടു പറഞ്ഞത് ഇത്തരത്തിലാണ്.

"നിന്റെ കാലിന് വാതം ബാധിച്ചല്ലോ ചങ്ങാതീ."

മല പുല്ലുപോലെ പുഞ്ചിരിക്കുകയാണുണ്ടായത്. അവൻ അതൊന്നും വിശ്വസിക്കാൻ കൂട്ടാക്കിയില്ല. അപ്പോൾ, മഞ്ഞ് അവന്റെ കാലടികളെ മൊത്തമായങ്ങു പിടികൂടി. തെല്ലിട കഴിഞ്ഞപ്പോൾ കാലടികളിലെ തരിപ്പ് ശരിക്കും മല തിരിച്ചറിഞ്ഞു.

"വാതം! അയ്യോ, ഞാനിനി എന്തു ചെയ്യും?"

അത് ശബ്ദായമാനമായി വെപ്രാളപ്പെട്ടു.

"വഴിയുണ്ട്. അതിന് നീ വ്യായാമം ചെയ്യേണ്ടിവരും."

മഞ്ഞു പറഞ്ഞു.

എന്തുതന്നെ പറഞ്ഞാലും അനുസരിക്കുന്ന ചുറ്റുപാടിലായിരുന്നു, മല.

"കുറച്ചുനേരം നീ നന്നായൊന്ന് കുനിഞ്ഞുനിൽക്കു."

മല അനുസരിച്ചു. മുന്നിലെ തടസ്സം മാറിയതോടെ വെയിൽ നിവർന്നുനടന്ന്, പാടത്തേക്കങ്ങു നീങ്ങിപ്പോയി. ഇടിവാളുപോലെ അത് ചോലയിലേക്ക് കുത്തനെ ഇറങ്ങി.

ഓർക്കാപ്പുറത്തും, സമയം തെറ്റിച്ചുകൊണ്ടും വെയിൽ സഭാപ്രവേശം നടത്തിയതോടെ, ഒഴിഞ്ഞുമാറാൻ സമയംകിട്ടാത്ത ചോല ആവി തൂകി. അതങ്ങനെ മാനം നോക്കി പറന്നു. കിഴക്കേച്ചെരിവിൽ അത് മേഘമായി ഉരുണ്ടുകൂടിയപ്പോൾ അസ്വാഭാവികമായി എന്തോ തോന്നിയ മല മുഖമുയർത്തി. പിടികൊടുക്കാതെ ഞൊടിയിടയിൽ വെയിൽ മേഘത്തിനു പിറകിൽ ഒളിഞ്ഞു. എല്ലാം തന്റെ വരുതിയിൽത്തന്നെയാണെന്ന സമാധാനത്തോടെ മല തന്റെ വ്യായാമത്തിലേക്കുതന്നെ മടങ്ങുകയും ചെയ്തു.

ആ തക്കംനോക്കി മഞ്ഞ് ഇറക്കമിറങ്ങി, പാടത്തെത്തി. അവിടെ മഞ്ഞ് കണ്ടത്, സപ്തവർണ്ണങ്ങൾ മഴവില്ലുപോലെ അടുക്കിവെച്ച അനേകം പീലിക്കണ്ണുകളിൽ ആന്ദോളനംചെയ്തുകൊണ്ട് പീലിക്കാരൻ ഇണയുടെ മുന്നിൽ വിജൃംഭിക്കുന്നതാണ്. അതിന്റെ മെല്ലിച്ചുയർന്ന ഉടലിൽനിന്ന് എന്തോ കൊഴിഞ്ഞുവീഴുന്നു. അതത്രയും കൊത്തിത്തിന്നുകയാണ്, പിട.

നാണത്തോടെ അവളൊന്ന് കൂവി. അതിനു പിന്നിലായി പീലിക്കാരനും. അതിലൂടെ അവർ നന്ദി അറിയിക്കുകയാണെന്ന് വ്യക്തം. വെയിലിനും, മഞ്ഞിനും തങ്ങളറിയാതെ മേനിയിൽ കുളിരു കയറി.

വൈകാതെ ഇരുമയിലുകളും തുറസ്സിൽനിന്ന്, തുറുവിലേക്കു കയറിമറഞ്ഞു. തെല്ലുമുമ്പ്, ഇങ്ങോട്ടുവരുമ്പോൾ പീലിക്കാരനായിരുന്നു മുന്നിലെങ്കിൽ, മടങ്ങുമ്പോൾ പിടയായിരുന്നു. അമ്മയെ മാത്രമല്ല, അതാവാൻപോകുന്നവളേക്കൂടി പിൻപറ്റുകയെന്നതാണ് കീഴ്‌വഴക്കം.

വ്യായാമം കഴിഞ്ഞ് മല തലയുയർത്തിയപ്പോൾ, വെയിൽ ഓടിച്ചെന്ന് പഴയതുപോലെ ചെരിഞ്ഞുനിന്നുകൊടുത്തു. തിടുക്കത്തിൽ യാത്രപറഞ്ഞ് മഞ്ഞ് ചെടിപ്പടർപ്പിലേക്കും കയറി.

□

## വി. കെ. കെ. രമേഷ്



1969-ൽ തമിഴ്നാട്ടിൽ ജനനം. ആദ്യ ഭാഷ തമിഴ്. പഠിച്ചതും വളർന്നതും തിരുവില്വാമലയിൽ. 4 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. 'ഹു ഈസ് അഫ്‌റൈഡ് ഓഫ് വി. കെ. എൻ.' എന്ന ആദ്യ പുസ്തകത്തിന് 2018-ലെ ഹാസ്യ സാഹിത്യത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. നിരവധി റേഡിയോ നാടകങ്ങളും സ്കിറ്റുകളും രചിച്ചിട്ടുണ്ട്. ആകാശവാണി ഡ്രാമാ ബി. ഗ്രേഡ് ആർട്ടിസ്റ്റ്. ടെലിവിഷൻ സ്കിറ്റുകളിൽ അഭിനയിച്ചിട്ടുണ്ട്. വി. കെ. എൻ. അമ്മാമനാണ്. തിരുവില്വാമലയിൽ സ്ഥിരതാമസം.

ഭാര്യ: ജ്യോതി
മക്കൾ: ബ്രഹ്മദത്തൻ, നിരഞ്ജന

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---